പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1215

12.06.2014 ൽ മറുപടിക്ക്

**പെട്രോളിയം ഉല്പന്നങ്ങളുടെ ഗുണനിലവാരം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ.എ. നെല്ലിക്കുന്ന്: | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) 2013 ജൂൺ മാസത്തിനുശേഷം സംസ്ഥാനത്തെ പെട്രോൾ പമ്പുകളിൽ അധികാരപ്പെട്ട ഏതെങ്കിലും ഏജൻസികൾ ക്വാളിറ്റി ചെക്കിംഗ് നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;<br><br>(ബി) ഇല്ലെങ്കിൽ പരിശോധന നടത്താതിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ; | (എ)<br>(ബി) എണ്ണക്കമ്പനി അധികാരികൾ റീട്ടെയിൽ ഔട്ട്ലെറ്റുകളിൽ നിന്നും ശേഖരിച്ച പെട്രോളിന്റെ 213 സാമ്പിളുകളുടെ ഗുണനിലവാര പരിശോധനകളും, ഡീസലിന്റെ 240 സാമ്പിളുകളുടെ ഗുണനിലവാര പരിശോധനകളും നടത്തിയിട്ടുണ്ട്. ഇതു കൂടാതെ മൊബൈൽ ലാബുകൾ വഴി ഗുണനിലവാരവും അളവും പരിശോധിക്കുകയും എണ്ണക്കമ്പനികളുടെ മൾട്ടി ഡിസിപ്ലിൻ ടീം റീട്ടെയിൽ ഔട്ട്ലെറ്റുകളിൽ മിന്നൽ പരിശോധനകൾ നടത്തുകയും ചെയ്യാറുണ്ട്. ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥന്മാരേയും ജില്ലാകളക്ടറേയും അസിസ്റ്റന്റ് പോലീസ് കമ്മീഷണർ/ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിനേയും പെട്രോൾ പമ്പുകൾ പരിശോധിക്കുന്നതിനായി ചുമതലപ്പെടുത്തിക്കൊണ്ടുള്ള സർക്കാർ വിജ്ഞാപനം പുറത്തിറങ്ങിയിട്ടുണ്ട്. |
| (സി) തലസ്ഥാന നഗരിയിൽ മിന്നൽ പരിശോധന നടത്താതിരിക്കുന്നതിന്റെ കാരണം വിശദമാക്കുമോ; | (സി) എണ്ണക്കമ്പനി ഉദ്യോഗസ്ഥർ തലസ്ഥാന നഗരിയിൽ മിന്നൽ പരിശോധന നടത്തുന്നുണ്ട്. |
| (ഡി) തലസ്ഥാന നഗരിയിൽ പല പമ്പുകളിലും ഗുണനിലവാരമില്ലാത്ത പെട്രോളിയം ഉൽപ്പന്നങ്ങൾ അളവുകളിൽ കൃത്രിമം നടത്തി വില്പന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | എങ്കിൽ ഉപഭോക്താക്കൾക്ക് പെട്രോളിയം ഉൽപ്പന്നങ്ങൾ കൃത്യമായ അളവിലും ഗുണനിലവാരത്തിലും ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിന് സത്വര നടപടി സ്വീകരിക്കുമോ? | (ഇ) | ഉപഭോക്താക്കൾക്ക് പെട്രോളിയം ഉൽപ്പന്നങ്ങൾ കൃത്യമായ അളവിൽ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി ലീഗൽ മെട്രോളജി വകുപ്പ് സാധാരണ പരിശോധനകളും, മിന്നൽപരിശോധനകളും നടത്തുന്നുണ്ട്. കൃത്രിമം ശ്രദ്ധയിൽപ്പെട്ടാൽ ടി സ്ഥാപനത്തിനെതിരെ നിയമനടപടി സ്വീകരിക്കുന്നുണ്ട്. കുടാതെ ഉപഭോക്താക്കളുടെ പരാതിയുടെ അടിസ്ഥാനത്തിലും പരിശോധന നടത്തി നിയമനടപടി സ്വീകരിക്കുന്നുണ്ട്. എണ്ണക്കമ്പനി അധികാരികൾ മൊബൈൽ ലാബുകൾ വഴിയും അല്ലാതെയുമുള്ള മിന്നൽ പരിശോധനകളും നടത്താറുണ്ട്. |

സെക്ഷൻ ഓഫീസർ